# ചെരിവോരങ്ങൾ

## ദളിത് ഗോത്രജീവിതം മലയാളനോവലിൽ



എഡിറ്റർ:

ഡോ. ജോബിൻ ജോസ് ചാമക്കാല

Malayalam
Cherivorangal
(Study)
Editor: Dr. Jobin Jose Chamakala
Copyright: Editor

Layout: Sheeja M
Cover Design: Shyam Shaji

First Published: June 2024
ISBN: 978-81-19443-05-5
₹ 680

Pusthakalokam
Pusthakamal (Noor Complex)
Arayidathupalam, Kozhikode - 673 004
Phone:+918848663483
+919496105082

Printed, Published by:

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


ദളിത് ഗോത്രജീവിതം മലയാളനോവലിൽ 07
ഡോ. ജോബിൻ ജോസ് ചാമക്കാല

1. ഘാതകവധം: ചരിത്രവും രാഷ്ട്രീയവും 11
ഡോ. എസ്. എസ്. ശ്രീകുമാർ

2. കേരളസമൂഹവും മലയാളനോവലും: ഘാതകവധം, പുല്ലേലിക്കുഞ്ചു എന്നീ കൃതികളിലൂടെ ഒരന്വേഷണം 39
ഡോ. സുനീത ടി. വി.

3. പുല്ലേലിക്കുഞ്ചു: പുതിയ മനോഘടനയുടെ സങ്കീർണ്ണതകൾ 53
ഡോ. സനൽ മോഹൻ

4. കേരളം മറന്ന സാമൂഹികപരിഷ്കരണം 66
കെ. കെ. കൊച്ച്

5. പുലയത്തറ: സ്വത്വവും സംഘർഷവും 84
ഡോ. ആർ. വി. എം. ദിവാകരൻ

6. കീഴാളപ്രതിരോധങ്ങൾ ടി. കെ. സി. വടുതലയുടെ നോവലുകളിൽ 104
ഡോ. ഷൈജി സി. മുരിങ്ങത്തേരി

7. പി. വത്സലയുടെ ഗോത്രജീവിതാഖ്യാനങ്ങൾ 113
ഡോ. എം. ലിനീഷ്

8. മാവേലിമന്റം: പുതിയ തുടിച്ചൊല്ലുകൾ 120
ഡോ. കല്പറ്റ നാരായണൻ

9. കാണി: പാരമ്പര്യവും അതിജീവനവും 125
യമുന എം. നമ്പൂതിരി

10. കുഞ്ഞുലച്ചുമി : സമൂഹം ചരിത്രം മാനവികത 130
ഡോ. ടി. എം. മാത്യു

11. പാപശാപങ്ങളുടെ സംവത്സരങ്ങൾ 139
ഡോ. കെ.വി. തോമസ്

12. കമ്പളത്തുടി : അരികുജീവിതത്തിന്റെ നേർക്കാഴ്ചകൾ 143
ഡോ. കുമാർ ജെ.

13. മുക്കണി : വിവേചനത്തിന്റെ മുറിവുകൾ 153
കെ. രാജേഷ്കുമാർ

14. പഞ്ചമി: പാലമേറിവരുന്ന ജീവിതക്കാഴ്ചകൾ 162
അക്ഷര വി.

# കേരളസമൂഹവും മലയാളനോവലും: ഘാതകവധം, പുല്ലേലിക്കുഞ്ചു എന്നീ കൃതികളിലൂടെ ഒരന്വേഷണം

ഡോ. സുനീത ടി.വി.

പ്രബന്ധസംഗ്രഹം

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയജീവിതത്തെക്കുറിച്ചുള്ള വിവരണശേഖരം കൂടിയാണ് ആദ്യകാലമലയാളനോവലുകൾ. കേരളീയനവോത്ഥാനമെന്ന് വിശേഷിപ്പിക്കാവുന്ന പൗരാവകാശമുന്നേറ്റങ്ങൾക്കുസമൂഹത്തെ പാകപ്പെടുത്തുകയും 'ആധുനിക'മായ ഒരു ദേശഭാവന വിഭാവനം ചെയ്യുകയും ചെയ്യുന്നു ഈ കൃതികൾ. എന്നാൽ കീഴാളരുടെയും സ്ത്രീകളുടെയും മാതൃകാനിർമ്മിതികളുടെ സന്ദർഭത്തിൽ പ്രതിലോമപ്രത്യയശാസ്ത്രം സൂക്ഷ്മമായി പ്രവർത്തിക്കുന്നത് കാണാതിരിക്കാനുമാവില്ല. 'ഘാതകവധം', 'പുല്ലേലിക്കുഞ്ചു' എന്നീ കൃതികളെ അടിസ്ഥാനമാക്കി മേൽക്കൊടുത്ത വിഷയങ്ങളെ അപഗ്രഥിക്കുകയാണ് ഈ പഠനം.

താക്കോൽവാക്കുകൾ

കൊളോണിയൽ ആധുനികത

വംശശുദ്ധിവാദം

വർഗ്ഗബന്ധങ്ങൾ

നവവരേണ്യമൂല്യങ്ങൾ

ഗാർഹികവത്കരണം

പരിരക്ഷിക്കാനും മ്യൂസിയവത്കരിക്കാനുമുള്ള മനുഷ്യപ്രവണതയെക്കുറിച്ച് പറഞ്ഞുകൊണ്ട് നോവലുകൾ മ്യൂസിയങ്ങളെപ്പോലെ സംസ്കാരത്തിന്റെ സൂക്ഷ്മാംശങ്ങളെ ശേഖരിച്ച് സംരക്ഷിക്കുന്നു എന്ന് പ്രമുഖ ടർക്കിഷ് നോവലിസ്റ്റ് ഒർഹാൻ

പാമുക്ക് നിരീക്ഷിക്കുന്നു.[1] ആ യുക്തി പിന്തുടർന്നാൽ ഓരോ
ചരിത്രസന്ധിയിലെയും കേരളീയജീവിതത്തിന്റെയും സാമൂഹി
കാനുഭവങ്ങളുടെയും മ്യൂസിയങ്ങളാണ് കേരളീയനോവലുകൾ
എന്ന് കണക്കാക്കാനാവും.

കൊളോണിയൽ ആധുനികത സൃഷ്ടിച്ച സാംസ്കാരികന
വോത്ഥാനത്തിന്റെ പശ്ചാത്തലത്തിലാണ് മറ്റ് ഇന്ത്യൻ ഭാഷകളി
ലെന്നപോലെ മലയാളത്തിലും നോവലുൾപ്പെടെയുള്ള ഗദ്യജ
ന്യസ്സുകൾ പിറവിയെടുത്തത്. ഇക്കാലത്തു പിറന്ന നോവലുകളെ
മീനാക്ഷി മുഖർജി 3 വിഭാഗങ്ങളിൽപ്പെടുത്തുന്നു: ക്രിസ്തുമതപ്ര
ചാരണം ലക്ഷ്യമിട്ടുള്ളവ, വിസ്മയാവഹമായ ഭൂതകാലാവിഷ്കാ
രങ്ങൾ, സമകാലികത മുന്നിട്ടുനിന്ന യഥാതഥാഖ്യാനങ്ങൾ
(ഷാജി ജേക്കബ് 2008:14). ആധുനിക പാശ്ചാത്യവിദ്യാഭ്യാസം,
ഇംഗ്ലീഷ്പഠനം, അച്ചടി, പുസ്തകപ്രസാധനം, പത്രമാസികകൾ,
ക്രിസ്തുമത പ്രചാരണം/പരിവർത്തനം, ജാതിയടിമത്തവിരുദ്ധ
പ്രവർത്തനങ്ങൾ തുടങ്ങി പല മട്ടിൽ കേരളസമൂഹം പാശ്ചാത്യ
വത്കരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്ത കാല
ഘട്ടത്തിലാണ് മലയാളത്തിൽ വിവർത്തനരൂപത്തിൽ ഗദ്യകൃതി
കൾ വന്നുതുടങ്ങുന്നത്.

1840-കളിൽ ജോൺബനിയന്റെ 'പിൽഗ്രിംസ് പ്രോഗ്രസ്'സിന്റെ
2 തർജമകൾ (ജോസഫ് പീറ്റ് - പരദേശി മോക്ഷയാത്ര 1847,
റവ. സി. മുള്ളർ സഞ്ചാരിയുടെ പ്രയാണം 1849); 1858-ൽ ഫുൽ
മോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ
കഥ (കാതറീൻ ഹന്ന മുല്ലൻസ്), 1866-ൽ ആൾമാറാട്ടം (കല്ലൂർ
ഉമ്മൻഫിലിപ്പോസ് - ഷേക്സ്പിയർ നാടകം കോമഡി ഓഫ്
എറേഴ്സിന്റെ വിവർത്തനം) എന്നിവയൊക്കെ മലയാളത്തിൽ
പ്രത്യക്ഷപ്പെടുന്നു.

തുടർന്നാണ് മലയാളത്തിൽ രചിക്കപ്പെട്ട ആദ്യനോവൽ
മാതൃക എന്നു വിളിക്കാവുന്ന ഡി.ഡി. ആർച്ച് ഡീക്കൻ കോശി
യുടെ 'പുല്ലേലിക്കുഞ്ചു' ജ്ഞാനനിക്ഷേപത്തിന്റെ 1860 ഓഗസ്റ്റ്
ലക്കം മുതൽ പ്രസിദ്ധീകരണമാരംഭിച്ചത് (ഓഗസ്റ്റ്, സെപ്റ്റംബർ,
നവംബർ ലക്കങ്ങളിലായി "ജാതിഭേദം" എന്ന പേരിലാണ്
ഇതിന്റെ ആദ്യഭാഗങ്ങൾ പ്രസിദ്ധീകൃതമായത്). അത് പുസ്തക
രൂപത്തിലും പൂർണ്ണരൂപത്തിലും പ്രസിദ്ധീകരിക്കപ്പെടുന്നത് 1882
-ലാണ്.

തിരുവിതാംകൂറിലെ സി.എം.എസ്. (ചർച്ച് മിഷൻ സൊസൈറ്റി) മിഷനറിയും കോട്ടയം സി.എം.എസ്. കോളേജ് പ്രിൻസിപ്പാളുമായിരുന്ന മിസ്റ്റർ റിച്ചാർഡ് കോളിൻസിന്റെ ഭാര്യ മിസ്സിസ് റിച്ചാർഡ് കോളിൻസ് 1850 കളിൽ എഴുതിയ നോവലാണ് 'ദി സ്ലേയർ സ്ലേയിൻ'. കോട്ടയം സി.എം.എസ്. കോളേജിന്റെ ത്രൈമാസികമായ വിദ്യാസംഗ്രഹത്തിൽ ജൂലൈ 1864 മുതൽ പരമ്പരയായി ഇത് പ്രസിദ്ധീകരിക്കപ്പെട്ടു. 16 അധ്യായങ്ങൾ പൂർത്തിയായപ്പോഴേക്കും മദാമ്മ അന്തരിച്ചു. തുടർന്നുള്ള 17, 18 അധ്യായങ്ങൾ എഴുതിച്ചേർത്തത് നോവൽ പൂർത്തീകരിച്ചതും മലയാളത്തിൽ വിവർത്തനം ചെയ്ത് 'ഘാതകവധം: കുലപാതകനെ കൊന്നതു' എന്ന പേരിൽ 1877-ൽ കോട്ടയം സി.എം.എസ്. പ്രസ്സിൽനിന്ന് പ്രസിദ്ധീകരിച്ചതും ഭർത്താവ് റിച്ചാർഡ് കോളിൻസാണ്. പുസ്തകരൂപത്തിലുള്ള പ്രസിദ്ധീകരണകാലം കണക്കിലെടുത്താൽ 'ഘാതകവധ'മാണ് പ്രഥമപരിഗണന അർഹിക്കുന്നത്. അതിന് മറ്റ് കാരണങ്ങൾ വേറെയുമുണ്ട്.

**ഘാതകവധം: കുലപാതകനെ കൊന്നതു (1877)**

ഒരു സ്ത്രീ രചിച്ച നോവൽ എന്ന മട്ടിൽ ഇതിനെ സമീപിക്കുമ്പോൾ ആദ്യം നമ്മുടെ ശ്രദ്ധയിൽ വരുന്നത് രചയിതാവിന്റെ യഥാർത്ഥ പേര് എവിടെയും പരാമർശിച്ചു കാണുന്നില്ല എന്നതാണ്. ഘാതകവധത്തിന്റെ (കേരളപ്പഴമ സീരീസ് - ചിന്ത 2013) ആമുഖപഠനത്തിൽ എസ്.എസ്. ശ്രീകുമാർ മേരി കോളിൻസ് എന്ന് അവരെ പരാമർശിക്കുന്നു (പു.23). 1840-63 കാലഘട്ടത്തിൽ മിഷനറി പ്രവർത്തനം നടത്തിയിരുന്ന ഹോക്സ്‌വർത്തിന്റെ മകളായിരുന്നു അവർ എന്നും അദ്ദേഹം എഴുതുന്നു. (ടി.) എന്നാൽ ഇന്ത്യൻ ഹിസ്റ്ററി ജേണലിന്റെ ഒന്നാം വോളിയത്തിൽ (ജനുവരി 2014) ജോൺ തോമസ്, ദി സ്ലേയർ സ്ലേയിൻ രചിച്ചത് റിച്ചാർഡ് കോളിൻസിന്റെ ആദ്യഭാര്യയായ ഫ്രാൻസെസ് റൈറ്റ് കോളിൻസ് ആണ് എന്നും 1862-ൽ അവർ മരിച്ചതിനു ശേഷം റിച്ചാർഡ് കോളിൻസ് പുനർവിവാഹം ചെയ്തതാണ് ഹോക്സ്‌വർത്തിന്റെ മകളെ (ഫ്രാൻസെസ് ആൻ കോളിൻസ്) എന്നും നിരീക്ഷിക്കുന്നു. അങ്ങനെ ആദ്യത്തെ 'ഇംഗ്ലീഷിലെ മലയാളം നോവൽ' രചിക്കപ്പെട്ട് 137 വർഷത്തിനുശേഷം (2014-ൽ) രചയിതാവായ സ്ത്രീയുടെ പേര് ഫ്രാൻസെസ് റൈറ്റ് കോളിൻസ് (Frances Wright Collins) ആണെന്ന് കണ്ടെത്തുകയാണ്. അതും ലേഖനത്തിന്റെ

ആദ്യത്തിൽ തിരുത്തിന്റെ രൂപത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (ജോൺ തോമസ് 2014: 63).

1877–ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ ഈ കൃതി അന്ന് വ്യാപകമായി വായിക്കപ്പെട്ടു. 800 കോപ്പികളോളം വിറ്റുപോയി. പിന്നെ ഒരു നൂറ്റാണ്ടുകാലത്തേക്ക് അത് തമസ്കരിക്കപ്പെട്ടു. പിന്നീട് ഇടമറുകും തുമ്പമൺ തോമസും ഒക്കെ ചേർന്നാണ് 1976-ൽ ഈ കൃതി കണ്ടെടുത്ത് പുനഃപ്രസിദ്ധീകരിച്ചത്. 'കേരളീയ പശ്ചാത്തലത്തിൽ കേരളീയരുടെ ജീവിതം ചിത്രീകരിക്കുന്ന ആദ്യ നോവൽ (ജോർജ് ഇരുമ്പയം), ആദ്യ മലയാള നോവൽ (തുമ്പമൺ തോമസ്, കെ.എം. തരകൻ), നോവൽ രചനയ്ക്കുള്ള പ്രഥമകേരളീയസംരംഭം (സ്കറിയ സക്കറിയ), വിവർത്തനമാണെങ്കിലും ആദ്യമലയാളനോവൽ എന്ന സ്ഥാനത്തിനർഹമാകുന്ന രചന (മീനാക്ഷി മുഖർജി) എന്നൊക്കെ ഈ നോവൽ സാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടു (ഷാജി ജേക്കബ് 2008:22). കൊളോണിയൽ ആധുനികതാനിർമ്മിതിയിലും മലയാളിയുടെ പുതിയ സാമൂഹികസ്വത്വനിർമ്മിതിയിലും ഈ നോവൽ വഹിച്ച പങ്കിനെ പിൽക്കാലവായനകൾ അടയാളപ്പെടുത്തി.

പത്തൊമ്പതാം നൂറ്റാണ്ടിൽ പാശ്ചാത്യരാജ്യങ്ങളിലുണ്ടായ അടിമത്തവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഭാഗമായി ധാരാളം എഴുത്തുകൾ ഉണ്ടായിക്കൊണ്ടിരുന്നു. ക്രിസ്ത്യാനികൾ, വിശേഷിച്ചും പ്രോട്ടസ്റ്റന്റു വിഭാഗക്കാർ ജാതിവ്യവസ്ഥയെ അടിമത്തത്തിന്റെ ഒരു പ്രാദേശികഭേദം (local variant) ആയാണ് കണ്ടത്. അതിനാൽ ഈ കൃതിയെന്നും ധാരാളമായുള്ള എഴുത്തുകളുടെ കൂട്ടത്തിൽ അങ്കിൾ ടോംസ് ക്യാബിനു[2]മായി പാഠാന്തര ബന്ധമുള്ള ഒരു രചനയായി വേണം കണക്കാക്കാൻ.

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിച്ച പൗലുസ് എന്ന പുലയൻ ഉൾപ്പെടുന്ന കർഷകത്തൊഴിലാളികൾ സിറിയാനിക്രിസ്ത്യാനിയായ ഭൂവുടമ കോശികുര്യനോട് തങ്ങൾ ഞായറാഴ്ച ജോലി ചെയ്യുകയില്ല, പ്രാർത്ഥനയ്ക്കുള്ള ശാബത്ത് ദിവസമാണ് എന്ന് പറയുന്നിടത്ത് നോവൽ ആരംഭിക്കുന്നു. ക്ഷുഭിതനായ കോശികുര്യൻ പൗലുസിനെ അടിക്കാനോങ്ങുകയും ആ അടിയേറ്റ് പൗലുസിന്റെ പേരക്കുട്ടി മരിക്കുകയും ചെയ്യുന്നു. ഏറെത്താമസിയാതെ പുഴയിൽ വീണ് മര

ണത്തിന്റെ വക്കിലെത്തിയ കോശികുര്യന്റെ മകൾ മറിയയെ പൗലുസ് രക്ഷിക്കുന്നു. പിന്നീട് അപ്രത്യക്ഷനായ പൗലുസിനെ പ്രൊട്ടസ്റ്റന്റ് വികാരിക്കൊപ്പം ചേർന്ന് അന്വേഷിച്ച് കണ്ടെത്തി കോശികുര്യൻ മാപ്പപേക്ഷിക്കുന്നു. അങ്ങനെ അയാളിലെ ഘാതകൻ മരിക്കുന്നു. പിന്നീട് കോശി കുര്യൻ തന്റെ മകൾക്ക് താൻ നിശ്ചയിച്ച അനുചിതമായ സുറിയാനി വിവാഹത്തിൽനിന്ന് പിന്തിരിയുകയും അവളുടെ താത്പര്യപ്രകാരം, പ്രൊട്ടസ്റ്റന്റ് പാതിരിയുമായി വിവാഹം നടത്തിക്കൊടുക്കുകയും ചെയ്യുന്നു. മകളുടെ വിവാഹത്തിൽ പൗലൂസും പ്രൊട്ടസ്റ്റന്റ് സഭയിൽ ചേരാൻ പോകുന്ന ബ്രാഹ്മണനും മറ്റുള്ളവരും തുല്യരായി പെരുമാറുന്നു, ഇത്രയുമാണ് കഥാചുരുക്കം.

ബഹുവിധ പാരായണസാധ്യതകളുള്ളതാണ് ഈ നോവൽ. മലയാളത്തിലെ ആദ്യത്തെ ദളിത് നോവലുമാണിത്.

1840-കളിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ഇവിടുത്തെ ജാതി അടിമത്തത്തെക്കുറിച്ചു സവിസ്തരമായി പഠിക്കുകയും ധാരാളം എഴുതുകയും ചെയ്തു. അവരുടെ നിരന്തരമായ ഇടപെടലുകൾ കൊണ്ടുകൂടിയാണ് 1855-ൽ തിരുവിതാംകൂറിൽ അടിമത്തം നിരോധിച്ചത്. സി.എം.എസ്., എൽ.എം.എസ്. ബാസൽ മിഷൻ തുടങ്ങിയ മിഷനറി സംഘങ്ങളുടെ നേതൃത്വത്തിൽ 1806 മുതൽതന്നെ സ്കൂളുകൾ ആരംഭിക്കുന്നുണ്ട്. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തിരുവിതാംകൂറിൽ സർക്കാർ വിദ്യാലയങ്ങളിലുള്ളതിനെക്കാൾ 13 ഇരട്ടിയോളം വരും വിവിധ ക്രിസ്ത്യൻ വിദ്യാലയങ്ങളിലെ കുട്ടികൾ എന്ന് ഷാജി ജേക്കബ് ചൂണ്ടിക്കാണിക്കുന്നു (2012:13) പഠിക്കാനുള്ള സൗകര്യത്തിനുവേണ്ടി മതപരിവർത്തനം ചെയ്തവരുടെ ആധിക്യത്തെപ്പറ്റി റോബിൻ ജെഫ്രി എഴുതുന്നുണ്ട്.

“19-ാം നൂറ്റാണ്ടിൽ അധഃകൃതരെന്നു വിളിക്കപ്പെട്ട ജാതികളിൽനിന്ന് ക്രിസ്തുമതത്തിലേക്കും ഇസ്ലാമിലേക്കും വളരെപ്പേർ മതം മാറുകയുണ്ടായി. കേരളത്തിന്റെ സവിശേഷപരിസ്ഥിതിയിൽ ആധുനികതയുടെ പരികല്പന അമാനവീകരിക്കപ്പെട്ടുകിടക്കുന്ന അടിമകളുടെ അതിജീവനത്തിനായുള്ള സംഘർഷവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഹിന്ദുമതത്തിനുള്ളിൽ പുതിയൊരു കർതൃത്വം ഇവർക്കായി തുറന്നുകിട്ടുകയില്ലെന്നറിഞ്ഞുകൊണ്ടാണ് മതപരിവർത്തനത്തിന്റെ വഴി ഇവർ സ്വീകരിച്ചത്” (ഇ.വി. രാമകൃഷ്ണൻ 2017:69). എന്നുവെച്ചാൽ ഏകപക്ഷീയമായ ഒരു മതപരിവർത്ത

നശ്രമമോ കൊളോണിയൽ അജണ്ടയോ മാത്രമായിട്ടല്ല, സ്വയം നവീകരിക്കാനും ആധുനികസ്വത്വത്തിലേക്കുയരാനുമുള്ള ദളിതരുടെ സ്വേച്ഛാപരമായ തിരഞ്ഞെടുപ്പുകൂടിയായി ഈ മതപരിവർത്തനങ്ങളെ വായിക്കണമെന്നർത്ഥം.

ദിലീപ് മേനോൻ അതിനെ ഇങ്ങനെ സ്ഥാനപ്പെടുത്തുന്നു: "പരിവർത്തനത്തിന്റെ കൊളോണിയൽ കാറ്റ് ആഞ്ഞടിക്കുമ്പോൾ എന്ത് ആശ്വാസമാണ് തീണ്ടിക്കൂടാത്തവർക്ക് ഹൈന്ദവപാരമ്പര്യത്തിന്റെ പേരിൽ കണ്ടെത്താനാകുമായിരുന്നത് ? ഹൈന്ദവപാരമ്പര്യത്തിന്റെ പേരിൽ സംസാരിക്കുവാൻ ഒരു കീഴ്ജാതിക്കാരനു കഴിയുമായിരുന്നോ ? തനിക്കു പ്രയോജനകരമായി അതിനെ ഉപയോഗിക്കുന്ന കാര്യം മറന്നുകളയുക!" (2014:101) അദ്ദേഹം തുടർന്നു പറയുന്നു: "ആധുനികതയിലേക്ക് അവർ കടന്നുവരുന്നത് പാരമ്പര്യത്തിന്റെ ഇടനാഴിയിലൂടെയാണ്. ആ ഇടനാഴിയിലാകട്ടെ അവർ കീഴാളരോ പുറംജാതിക്കാരോ ആണ്. പാരമ്പര്യമെന്ന അനുഭവംതന്നെ ഇവർക്ക് ദുർലഭമോ അപ്രാപ്യമോ ആണ്" (2014:102). അതുകൊണ്ടുതന്നെ കൊളോണിയൽ ആധുനികതയുടെ (മതപരമോ അല്ലാത്തതോ ഒക്കെയായ) പ്രലോഭനങ്ങൾ തങ്ങളെ ഒഴിവാക്കി നിർത്തുന്ന പാരമ്പര്യത്തിന്റെ ആശ്വാസങ്ങളെക്കാൾ ദളിതർക്ക് സ്വീകാര്യമായി മാറി. പാരമ്പര്യവുമായും ബ്രാഹ്മണമതവുമായുമുള്ള അഭിമുഖീകരണങ്ങളിൽനിന്ന് അതിന്റെ നിരാസത്തിലേക്ക് ദളിതർ പരിണമിച്ചതിന്റെ വഴികൾ ദിലീപ് മേനോൻ വരച്ചിടുന്നു. പാരമ്പര്യത്തിനുള്ളിൽ ഇടം കണ്ടെത്താൻ കഴിയാത്തവർ മതത്തിനു പുറത്തേക്കു പോവുന്നതിന്റെയും അങ്ങനെ നിയമവാഴ്ചയാലും വ്യക്തിയുടെ ചലനാത്മകസാധ്യതകളാലും അടയാളപ്പെടുത്തപ്പെട്ട കൊളോണിയൽ ആധുനികതയുടെ ഇടത്തിലേക്ക് കേരളത്തിലെ ദളിതർ പ്രവേശിക്കുന്നതിന്റെയും കാഴ്ചയാണ് 'ഘാതകവധം' ഉൾപ്പെടെയുള്ള ദളിത് നോവലുകൾ കാട്ടിത്തരുന്നത്.

വിമോചകമെന്ന് കരുതപ്പെട്ട ഈ ഇടത്തിലേക്കാണ് ക്രിസ്തുമതത്തിലെ 2 വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായഭിന്നത ക്രൈസ്തവജാതിവിവേചനത്തെച്ചൊല്ലി പ്രകടമാവുന്നത്. സവർണ്ണരെന്ന് കരുതിപ്പോന്ന സുറിയാനി ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിൽ ചേർന്ന ദളിതർക്ക് അയിത്തം കല്പിച്ചപ്പോൾ പ്രോട്ടസ്റ്റന്റ് മിഷനറിമാർ അതിനെ എതിർത്തു. വംശശുദ്ധിവാ

വും സമത്വവാദവും തമ്മിലുള്ള സംഘർഷം ക്രിസ്തുമതത്തി ഉള്ളിലെതന്നെ സംഘർഷമാണ്. ഈ സംഘർഷമാണ് 'ഘാത വധ'ത്തിന്റെ പ്രമേയവും പശ്ചാത്തലവും. (1599-ലെ കുനൻകു ശുസത്യത്തിൽ ഇത് വിഷയമാണല്ലോ).

പുതുതായി ക്രസ്തുമതത്തിൽ ചേർന്ന ദളിതർ സാബത്തു ദിവസമായ ഞായറാഴ്ച പണിയെടുക്കാൻ തയ്യാറായിരുന്നില്ല. തുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷങ്ങളിൽ സമത്വവാദക്കാ യ പ്രൊട്ടസ്റ്റന്റുകാർ തൊഴിലാളികൾക്കൊപ്പം നിലയുറപ്പിച്ചു. 'ഘാതകവധ'ത്തെ സംഘർഷഭരിതമാക്കുന്നത് ഹിന്ദു/ ക്രിസ്ത്യൻ സംഘർഷമല്ല, സുറിയാനി-പ്രൊട്ടസ്റ്റന്റ് സംഘർഷ മാണ്. ദളിതർക്ക് സുറിയാനികൾ അയിത്തം കല്പിക്കുന്നതിനെ ഒരു മൂല്യപ്രശ്നമായാണ് പ്രൊട്ടസ്റ്റന്റുകാർ കണ്ടത്.

"ആരമാവോ? പുലയനുണ്ടോ ആത്മാവുള്ളൂ! ദിവസവും വേലയെടുത്തില്ലെങ്കിൽ നിങ്ങളെ ഞാൻ പൂട്ടിയിടും" (മിസിസ് കോളിൻസ് 2013 (1877):36) എന്നു പറഞ്ഞ് മർദ്ദിക്കുകയും കുഞ്ഞിനെ കൊല്ലുകയും തുടലിട്ട് പൂട്ടിയിടുകയും ചെയ്യുന്ന കോശികുര്യൻ "ഇപ്പോൾ നീയെന്റെ അടിയാനല്ല, ഗുരുവാകുവാ നത്രേ അധികം യോഗ്യത എന്ന് ഇപ്പോൾ കണ്ടറിഞ്ഞിരിക്കുന്നു. ഞാൻ നിന്റെ പാദത്തിങ്കൽ ഇരിക്കേണ്ടിയിരിക്കുന്നു" (പു. 106) എന്ന് തന്റെ ജോലിക്കാരനോടു പറയുമ്പോഴാണ് ഉള്ളിലെ ഘാത കൻ വധിക്കപ്പെടുന്നത്. കോശികുര്യന്റെ ഉള്ളിലെ സുറിയാനി ത്തമാണ് അഥവാ വംശമാഹാത്മ്യബോധമാണ് ഇവിടെ ഇല്ലാതാ വുന്നത്.

ഈ പരിണാമം സംഭവിക്കാൻ ഒരു ബലിയും (പൗലൂസിന്റെ പേരക്കുട്ടി) ഒരു സത്കൃത്യവും (മറിയത്തെ രക്ഷിക്കൽ) വേണ്ടി വന്നു. 19-ാം നൂറ്റാണ്ടിലെ ആദ്യകാല ദളിത് നോവലുകളിലെ ആവർത്തിച്ചുവരുന്ന മരണങ്ങൾക്ക് ഉത്തരമലബാറിലെ തെയ്യം കലയുമായി പാഠാന്തരബന്ധം കല്പിക്കുന്നുണ്ട് ദിലീപ് മേനോൻ (2014:126). അതേ പാഠാന്തരബന്ധം യേശുക്രിസ്തുവിന്റെ പീഡാ നുഭവത്തിനും ഉയിർപ്പിനും തമ്മിലും ഇവിടെ കല്പിക്കാവുന്ന താണ്.

എന്നാൽ ഇതിലൂടെ നിർമ്മിക്കപ്പെടുന്ന മതപരിവർത്തനം ചെയ്യപ്പെട്ട ദളിത് തൊഴിലാളിയുടെ ആന്തരമെന്താണ്? അവരുടെ

ആവശ്യം മനുഷ്യനെന്ന പരിഗണനയും ആരാധനാസ്വാതന്ത്ര്യവുമാണ്. എന്നാൽ ഈ സന്ദർഭം ദളിതർക്ക് പരിഗണന നൽകുന്നത് മെച്ചപ്പെട്ട സേവനം നൽകാനാണ് കുര്യന്റെ അംഗീകാരം ദളിതനെ ഉന്മത്തനാക്കുന്നു. "എന്റെ ചങ്ങലകളഴിക്കൂ, ഞാൻ എന്റെ യജമാനനെ ഉള്ളിൽത്തട്ടി ഒന്നു സേവിക്കാൻ പ്രാപ്തനാവട്ടെ എന്നാണ് കോളിൻസ് മദാമ്മയുടെ ദളിതൻ പറയുന്നത് എന്ന് എസ്. സുധീഷ് (2015:149) നിരീക്ഷിക്കുന്നു. സ്വതന്ത്രനെങ്കിലും വിശ്വസ്തതയും വിധേയത്വവുമുള്ള, പ്രതിഷേധിക്കാത്ത ഒരു മാതൃകാപ്രൊട്ടസ്റ്റന്റ് തൊഴിലാളിയെയാണ് 'ഘാതകവധം' നിർമ്മിച്ചെടുക്കുന്നത്. ഈ അവസ്ഥ പ്രത്യക്ഷത്തിൽ വിമോചകമായിത്തോന്നാമെങ്കിലും സൂക്ഷ്മത്തിൽ അത്ര വിമോചകമല്ല. "ഇവിടെയെല്ലാം വർഗ്ഗബന്ധങ്ങളിലെ വൈരുധ്യം ഫലപ്രദമായി മൂടിവെക്കുകയും പുലയരെ മാടിനെപ്പോലെ പണിയെടുക്കുന്ന കർഷകത്തൊഴിലാളികളാക്കി നിലനിർത്തുകയും ചെയ്യുക എന്ന കൊളോണിയൽ ദൗത്യം 'ഘാതകവധം' ഭംഗിയായി നിറവേറ്റുന്നു' എന്ന് എസ്.എസ്. ശ്രീകുമാർ അഭിപ്രായപ്പെടുന്നു (2013:29).

### ഘാതകവധത്തിന്റെ സ്ത്രീപക്ഷം

മറ്റെല്ലാ മേഖലകളുമെന്നപോലെ മിഷനറി പ്രവർത്തനമേഖലയും പുരുഷകേന്ദ്രിതമായിരുന്നു. 1870 വരെ സ്ത്രീമിഷനറിമാരെ കാര്യമായി അംഗീകരിച്ചിരുന്നില്ല. അംഗീകരിച്ചു തുടങ്ങിയപ്പോൾപ്പോലും അവർക്ക് 'യഥാർത്ഥ'മിഷനറിപ്രവർത്തനങ്ങളിൽ വലിയ സ്ഥാനം വഹിക്കാനും സാധിച്ചിരുന്നില്ല. ഭർത്താക്കന്മാരോ പിതാക്കന്മാരോ മിഷനറി വേല ചെയ്യുമ്പോൾ അതിന് പിന്തുണ നൽകുക (യാഗത്തിലെ യജമാനപത്നിപോലെ) എന്ന സ്ഥാനമായിരുന്നു സ്ത്രീകൾക്ക് ഉണ്ടായിരുന്നത്. പുരുഷന്മാർ മതചർച്ചകൾ നടത്തുകയും കോളേജും പ്രസ്സും പത്രവും നടത്തുകയും ഒക്കെ ചെയ്യുമ്പോൾ സ്ത്രീകൾ കുടുംബങ്ങളോടു ചേർന്ന് മറ്റ് ദളിത് സ്ത്രീകളോട് സംസാരിക്കുകയും അവർക്കായി ചെറുപള്ളിക്കൂടങ്ങൾ നടത്തുകയും ഒക്കെ ചെയ്തു. (ഇങ്ങനെ ഒരു സ്ലേവ് സ്കൂൾ ഫ്രാൻസെസ് റൈറ്റ് കോളിൻസ് നടത്തിയിട്ടുണ്ട്). ഇങ്ങനെ അവർ സമാഹരിച്ച അറിവുകളും അനുഭവകഥകളും വലിയ ബാഹ്യഇടപെടലുകളിലേക്ക് വ്യാപിപ്പിക്കാനുള്ള സാഹചര്യം ഇല്ലാതിരുന്നതിനാൽ അവർ എഴുത്തിലൂടെ അത് നിർവ്വഹിക്കാൻ ശ്രമിച്ചു. കാതറീൻ ഹന്ന മുല്ലൻസും ഫ്രാൻസെസ്

റെറ്റ് കോളിൻസും ഒക്കെ നടത്തിയ രചനകൾ ഈ രീതിയിൽ കൂടി വ്യാഖ്യാനിക്കാം.

'ഘാതകവധം' ഒരു നായികാകേന്ദ്രിതമായ നോവലാണ്. ആരാണിതിലെ നായകൻ? കോശികുര്യനല്ല, മറിച്ച് ഒരു കേരളീയനോവലിലെ ആദ്യത്തെ ദളിത്-അടിസ്ഥാനവർഗ്ഗനായകനായ പൗലൂസാണ്. എന്നാൽ പൗലൂസിനെക്കാളും ആഖ്യാനസ്ഥലവും കേന്ദ്രീകരണവും ലഭിക്കുന്നത് മറിയത്തിനാണ്. പിൽക്കാലത്ത് രചിക്കപ്പെട്ട 'ഇന്ദുലേഖ' കേരളീയസ്ത്രീമാതൃകയായി വാഴ്ത്തപ്പെടുമ്പോൾ തന്റെ കൺമുന്നിൽ നടന്ന അനീതിക്കെതിരേ (കല്യാണിക്കുട്ടിയുടെ സംബന്ധം) അവൾ പ്രതികരിക്കുകയോ, വീടുവിട്ട് പുറത്തുപോവുകയോ, പൊതുയിടങ്ങളിൽ വ്യവഹരിക്കുകയോ ചെയ്തില്ല എന്ന് നാം മറന്നുകൂടാ. തന്റെ രക്ഷയ്ക്കുവേണ്ടി കല്യാണിക്കുട്ടിയെ ബലി നൽകിയത് ഇന്ദുലേഖ സൗകര്യപൂർവ്വം കണ്ടില്ലെന്ന് നടിച്ചു. ഇന്ദുലേഖയുടെ പഠിപ്പുകൊണ്ട് അവൾക്കല്ലാതെ മറ്റാർക്കും ഒരു പ്രയോജനവുമുണ്ടായില്ല. എന്നാൽ മറിയത്തിന് ഇന്ദുലേഖയുടെയത്ര പഠിപ്പില്ല. എന്നാലും തനിക്കുകിട്ടിയ പഠിപ്പുമായി അവൾ പുറത്തിറങ്ങി സഞ്ചരിക്കുന്നു. തനിക്കു ശരിയെന്നു തോന്നിയ കാര്യങ്ങളിൽ ഇടപെടുന്നു. മറ്റുള്ളവരെ പഠിപ്പിക്കുന്നു. വിവാഹക്കാര്യത്തിൽ അച്ഛനോട് കാര്യം പറഞ്ഞ് സ്വന്തം നിലപാട് അംഗീകരിപ്പിക്കുന്നു. "സ്വകുടുംബത്തിൽ തലമുറകളായി നിലനിന്നിരുന്ന നടപടിക്രമങ്ങളെപ്പോലും മറിയം ഉടച്ചുവാർക്കുന്നു" എന്ന് തുമ്പമൺ തോമസ് നിരീക്ഷിക്കുന്നു (2011). മറിയത്തിന്റെ വളർച്ചയും വികാസവും നോവലിലെ സംഭവങ്ങളിൽ അവൾ നടത്തുന്ന ഗുണപരമായ ഇടപെടലും കൂടിയാണ് ഈ നോവൽ. സ്വന്തം സഹോദരനോട് അവൾ തന്റെ ആത്മശക്തിയെപ്പറ്റി പറഞ്ഞ് സ്ഥാപിക്കുന്നുണ്ട്. അത് വെറും വാക്കല്ലെന്ന് നോവലിലെ തുടർന്നുവരുന്നസംഭവങ്ങൾ തെളിയിക്കുന്നുമുണ്ട്. "മനുഷ്യരെന്ന ബോധത്തെ വികസിതമാക്കുന്ന 'ഘാതകവധ'വും അതിലെ മറിയയുമാണ് ആധുനികകേരളത്തിന്റെ സ്ത്രീസങ്കൽപത്തിന്റെ മാതൃകയാകേണ്ടിയിരുന്നത്" എന്ന് യാക്കോബ് തോമസ് (2019:144) നിരീക്ഷിക്കുന്നു.

ഇതൊക്കെ ശരിയാവുമ്പോഴും ഈ നോവൽ മുന്നോട്ടുവെയ്ക്കുന്ന മാതൃകാപ്രൊട്ടസ്റ്റന്റ് സ്ത്രീ, സ്വതന്ത്രയെങ്കിലും നവവരേണ്യമൂല്യങ്ങൾ പിൻപറ്റുന്ന ഗാർഹികവൽക്കരിക്കപ്പെട്ട, അട

ക്കവും ഒതുക്കവുമുള്ള ഭാര്യയാണ്. മറിയം അപ്പനോടു പറയുന്നത് കേൾക്കുക: "എന്നെക്കാൾ മിടുക്കും ബുദ്ധിയും കരുണയും സാവധാനവുമുള്ളവനായി എന്നെ സന്മാർഗ്ഗത്തിൽ നടത്തുവാൻ കഴിയുന്ന ഒരാൾ എന്നെ കെട്ടിയില്ലെങ്കിൽ ഞാൻ അവശ്യം ദുർമാർഗ്ഗക്കാരി ആയിപ്പോകുമെന്നുള്ളതു ഇനിക്കു നല്ലപോലെ അറിയാം" (പു. 96). മാത്രവുമല്ല തന്റെ അമ്മയ്ക്ക് സ്ത്രീധനം ഇല്ലാതിരുന്നിട്ടും അപ്പൻ അമ്മയെ അടിക്കുകയോ പാത്രങ്ങൾ നല്ലവണ്ണം കഴുകാത്തതിനും മുടിക്കു പിടിച്ചുവലിക്കുകയോ പുസ്തകം വായിച്ചു കണ്ടാൽ വലിച്ചുകീറുകയോ ചെയ്യാത്തതിനു അപ്പനോട് അഭിനന്ദനഭാവേന സംസാരിക്കുന്നുമുണ്ട്. പ്രോട്ടസ്റ്റന്റ് പാതിരിയുടെ ഭാര്യയുടെ സ്വഭാവമാറ്റവും നോവലിസ്റ്റ് അവതരിപ്പിക്കുന്നു: അയൽവാസികളോടു സംസാരിച്ച് നാട്ടിലുള്ള അനാവശ്യങ്ങളിൽ സമയം കളഞ്ഞിരുന്നവൾ അതെല്ലാം നിർത്തി വീട്ടിലിരുന്ന് പ്രാർത്ഥനയും വൃത്തിയാക്കലും ആയിട്ടു കഴിഞ്ഞുകൂടുന്നു. "ദൈവത്തിന്റെ പൈതൽ യേശുക്രിസ്തുവിനെയും അവന്റെ കുരിശിലെ മരണത്തെയും അല്ലാതെ മറ്റൊന്നും അറിയാൻ ആഗ്രഹിക്കരുത്." ഇങ്ങനെ ഈ നോവലിലൂടെ മാറ്റത്തിന്റെ ഏജന്റുമാരും പ്രോട്ടസ്റ്റന്റ് മാതൃകകളും ആയി അവതരിപ്പിക്കപ്പെട്ട 2 പേരിലൂടെയും (മറിയവും പൗലുസും) മറ്റനേകം കഥാപാത്രങ്ങളിലൂടെയും സന്ദർഭികമായും അല്ലാതെയും കഥാകൃത്ത് നേരിട്ടും അനുസരണയുടെയും വിധേയപ്പെടലിന്റെയും ഒരു മാതൃകാപദ്ധതി നമ്മുടെ മുമ്പിൽ വെക്കുന്നു. മതപരിവർത്തനത്തിനൊപ്പം മൂല്യപരിവർത്തനവും – സമഗ്രമായ മൂല്യപരിവർത്തനം – കഥാകാരി ഉന്നംവെക്കുന്നു. ആ പുതിയ മൂല്യവ്യവസ്ഥ വർഗ്ഗസംഘർഷങ്ങളെയും ലിംഗപദവിപ്രശ്നങ്ങളെയും ദമനം ചെയ്യുന്നതും പലപ്പോഴും വിരുദ്ധവുമായ പ്രത്യയശാസ്ത്രം ഉള്ളടങ്ങിയിട്ടുള്ളതുമാണ്.

### പുല്ലേലിക്കുഞ്ചു (1882)

ആർച്ചുഡീക്കൻ കോശി ഡി.ഡി. 1882-ൽ പ്രസിദ്ധീകരിച്ച ഒരു മതകേന്ദ്രിതമായ സംവാദകൃതിയാണ് 'പുല്ലേലിക്കുഞ്ചു'. ക്രിസ്ത്യാനിയായ ഒരു മുതൽപിടിക്കാരന്റെ കാഴ്ചയിലൂടെയാണ് കഥ ആഖ്യാനം ചെയ്യപ്പെടുന്നത്. യാഥാസ്ഥിതികനും നല്ലവനുമായ ഒകൈതകപ്പള്ളിൽ രാമപ്പണിക്കർ, ഉത്പതിഷ്ണുവും ക്രിസ്തുമതവിശ്വാസിയുമായ പുല്ലേലിക്കുഞ്ചുപ്പിള്ള, ശാമു

അണ്ണാവി എന്ന തനിയാഥാസ്ഥിതികനായ തമിഴ് ബ്രാഹ്മണൻ, നെടുവേലിമനയ്ക്കലെ മൂത്ത നമ്പൂതിരിപ്പാട് എന്നിവരൊക്കെ മൂന്നു ഭാഗങ്ങളുള്ള ഈ സംവാദത്തിൽ പങ്കുചേരുന്നു. ആദ്യഭാഗം ജാതിവ്യത്യാസത്തിന്റെ ദോഷങ്ങളെപ്പറ്റിയുള്ളതും രണ്ടാം ഭാഗം ബിംബാരാധനയെ എതിർത്തുകൊണ്ടുള്ളതുമാണ്. മൂന്നാം ഭാഗത്തിൽ കുഞ്ചുവും പണിക്കരും ബൈബിൾ വില്പനക്കാരനിലൂടെ യേശുക്രിസ്തുവിന്റെ ജീവിതകഥ കേൾക്കുന്നു. ഹിന്ദുമതകഥകളെക്കാൾ മഹത്തരമാണ് ക്രിസ്തുവിന്റെ കഥ എന്ന അഭിപ്രായവും ഇവിടെ കേൾക്കാം. ഒടുവിൽ കുഞ്ചുപിള്ളയും പണിക്കരും ബൈബിൾ വാങ്ങുന്നു. എല്ലാവരും താന്താങ്ങളുടെ വഴിക്ക് പോകുന്നതോടെ കൃതി അവസാനിക്കുന്നു. ഡോ. ജോർജ്ജ് ഇരുമ്പയം ഇതിനെ 'കഥയില്ലാക്കഥ' എന്നാണ് വിശേഷിപ്പിച്ചത് (1982:33). 1850 കളിൽ ഉന്നത(മത)വിദ്യാഭ്യാസം നേടിയ സുറിയാനിക്കാർ വീട്ടിലും പറമ്പിലും വഴിയിലുമൊക്കെവെച്ച് ക്രിസ്തുമതത്തിന്റെ മേന്മകളെ വാഴ്ത്തിക്കൊണ്ടും ഹിന്ദുമതത്തിലെ ജാതിഭേദം, ബിംബാരാധന, സംബന്ധസമ്പ്രദായം എന്നിവയെ ഇകഴ്ത്തിക്കൊണ്ടുമുള്ള സംവാദങ്ങൾ ഉയർന്ന ജാതി ഹിന്ദുക്കളുമായി നടത്തിയിരുന്നു. അത്തരമൊരു സംവാദമാണിതിൽ ആവിഷ്കരിച്ചതെന്നും ഇരുമ്പയം നിരീക്ഷിക്കുന്നു.

'ഘാതകവധ'ത്തിൽനിന്നു 'പുല്ലേലിക്കുഞ്ചു'വിനുള്ള മേന്മ പാത്രസൃഷ്ടിയിലും സംഭാഷണരചനയിലുമുള്ള സ്വാഭാവികതയും നൈപുണ്യവുമാണ്. 'ഘാതകവധ'ത്തെ അപേക്ഷിച്ച് ഇതിൽ ആധുനികമായ ഭാഷയും ശൈലിയുമാണുള്ളത്. ദളിതരുടെ അക്കാലത്തെ ദൈന്യത്തെപ്പറ്റി ഈ കൃതി ആവിഷ്കരിക്കുന്നത് അങ്ങേയറ്റം ദുഃഖം ജനിപ്പിക്കുന്ന രീതിയിലാണ്. 'പുലയൻ പൗലുസിന്റെ ജീവിതകഥ പ്രമേയമായെടുത്തിട്ടുപോലും ആ വിഭാഗക്കാരുടെ ദൈന്യം ഇത്ര ഹൃദയസ്പർശകമായി ആവിഷ്കരിക്കാൻ മിസ്സിസ് കോളിൻസിന് കഴിഞ്ഞില്ല" എന്ന് ജോർജ്ജ് ഇരുമ്പയം മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ എന്ന കൃതിയിൽ നിരീക്ഷിക്കുന്നു (2012: 59).

കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങളെ അവതരിപ്പിച്ചില്ല എന്നതും ഇതിലൊരു കഥയില്ല എന്നതും ഇതിന്റെ പോരായ്മയാണ്. ഇതിൽ സ്ത്രീകഥാപാത്രങ്ങൾ ആരുമില്ല. എന്നാലും സ്ത്രീകളെ സംബന്ധിച്ചു ചില സങ്കല്പങ്ങൾ നോവൽ മുന്നോ

ട്ടുവയ്ക്കുന്നു. 'പാതിവ്രത്യം എന്ന മഹാസുകൃതം' പാലിക്കേണ്ടവരാണ് സ്ത്രീകൾ എന്നും അത് മാറത്തുനിന്നും ശീലനീക്കിയാലും ബ്രാഹ്മണരുടെ നഗ്നരൂപം (കുളിക്കടവിലും മറ്റും) കണ്ടാലും ഒക്കെ പൊയ്പ്പോവുന്നതാണെന്നും കുഞ്ചു പറയുന്നുണ്ട്

'ഇന്ദുലേഖ'യിലെ പതിനെട്ടാമദ്ധ്യായത്തെ ഓർമ്മിപ്പിക്കുന്ന ഈ കൃതി (രണ്ടിലും സ്ത്രീകളില്ല) ഗൗരവപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നേടത്ത് - പൊതുമണ്ഡലത്തിൽ - സ്ത്രീകൾക്കിടമില്ല എന്ന യുക്തിയാവും മുന്നോട്ടുവയ്ക്കുന്നത്. ഗാർഹിക/അകം മണ്ഡലമാണ് പെണ്ണിന്റെ ഇടം (അന്നും, ഇന്നും). ജെ. ദേവിക കേരളീയപൊതുമണ്ഡലത്തെ 'ആൺസ്വവർഗ്ഗ സൗഹൃദസംഘങ്ങൾ' എന്നു വിളിച്ചത് അതിന്റെ സ്ത്രീസാന്നിദ്ധ്യമില്ലായ്മ/സ്ത്രീകളെ ഉൾക്കൊള്ളായ്മകൊണ്ടാണ്. അതിന്റെ ഒരു പൂർവ്വമാതൃകതന്നെയാണ് 'പുല്ലേലിക്കുഞ്ചു'വും.

### മധ്യകേരളീയജീവിതത്തിന്റെ മ്യൂസിയങ്ങൾ

പത്തൊമ്പതാം നൂറ്റാണ്ടിലെ മധ്യകേരളത്തിലെ പലതരം ആളുകളുടെ ജീവിതത്തെയും ആചാരത്തെയും രീതികളെയും സംഭാഷണശൈലികളെയും ചിന്താഗതികളെയും ഒക്കെക്കുറിച്ചുള്ള ധാരാളം സൂചനകൾ സൂക്ഷിച്ചുവെച്ച മ്യൂസിയങ്ങൾതന്നെയാണ് മേൽപ്പറഞ്ഞ നോവലുകൾ. ഒറ്റയായി വായിക്കുമ്പോഴും സമഗ്രസമാഹാരമായി വായിക്കുമ്പോഴും 19-ാം നൂറ്റാണ്ടിലെ ഈ കൃതികൾ (എല്ലാ നോവലുകളും) നവോത്ഥാനമെന്ന് വിളിക്കപ്പെട്ട സാമൂഹികപരിഷ്കരണത്തിന് കേരളത്തെ പാകപ്പെടുത്തൽ എന്ന ദൗത്യം നിർവ്വഹിക്കുന്നതായി കാണാം. പാരമ്പര്യം/ആധുനികത, അധിനിവേശം/ദേശീയത, മേലാളർ/കീഴാളർ, സവർണ്ണർ/അവർണ്ണർ, പുരുഷൻ/സ്ത്രീ, ഹിന്ദുമതം/ക്രിസ്തുമതം, സമത്വം/അടിമത്തം, ജന്മിത്തം/മുതലാളിത്തം, പാശ്ചാത്യം/പൗരസ്ത്യം തുടങ്ങി നിരവധി സംവർഗ്ഗങ്ങൾ സംഘർഷത്തിലും സംവാദത്തിലും ഏർപ്പെടുന്നത് നമുക്ക് ഇവയിൽ ദർശിക്കാനാവും. ഈ ദേശനിർമ്മിതിയിൽ കീഴാളരുടെയും സ്ത്രീകളുടെയും അനുഭവസ്ഥലങ്ങൾ കൂടി ചേർത്തുവച്ചുകൊണ്ട് ഇവ ജാതിവ്യത്യാസമില്ലാത്ത; സ്ത്രീക്കും കൂടി ഇടമുള്ള; ബ്രാഹ്മണകേന്ദ്രിതമല്ലാത്ത ഒരു ആധുനികസമൂഹത്തെ മതപരിവർത്തനത്തിലൂടെ സൃഷ്ടിക്കാമെന്ന് വിഭാവന ചെയ്യുന്നു. വരേണ്യദേശീയതയിൽനിന്ന് കീഴാള

ദേശീയതയിലേക്കുള്ള സമൂഹത്തിന്റെ പരിണാമത്തെപ്പറ്റിയും, അതുവഴി സമൂഹം കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെടുന്നതിനെപ്പറ്റിയുമുള്ള വ്യവഹാരങ്ങൾ ഇവ ഉത്പാദിപ്പിക്കുന്നു. അപരങ്ങളെ അഭിമുഖീകരിക്കുന്നതിലൂടെ തിരിച്ചറിവിലേക്കും സ്വത്വപരിണാമത്തിലേക്കും കർതൃത്വത്തിലേക്കും മനുഷ്യത്വത്തിലേക്കും പ്രവേശനം സാധ്യമാകുന്ന ഒരു സമൂഹസ്ഥലത്തെ ഈ നോവലുകൾ വിഭാവനം ചെയ്യുന്നു. എന്നാലും ഇവ അനുസരണയുടെയും വിധേയപ്പെടലിന്റെയും ഒരു കൊളോണിയൽ ബ്രാധിഷ്ഠിതപ്രത്യയശാസ്ത്രം കീഴാളരുടെയും സ്ത്രീകളുടെയും മാതൃകാനിർമ്മിതിക്കുള്ളിൽ നടപ്പാക്കുന്നത് കാണാതിരിക്കാൻ സാധ്യമല്ലതാനും. ഈ വൈരുധ്യം (ഇരട്ടമുഖത്വം) ഇന്നും കേരളത്തിൽ പരിഹരിക്കപ്പെട്ടിട്ടില്ല. വികസനത്തിന്റെ കേരളമാതൃക പോലെ അത് പുരുഷാധിപത്യത്തിന്റെയും ജാതീയതയുടെയും കേരളമാതൃക[3]യായി ചരിത്രത്തിലൂടെ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു.

## കുറിപ്പുകൾ

1. ഔട്ട്‌ലുക്കിലെ Peerzada Muzamil ഉമായുള്ള അഭിമുഖം 2022).
2. ഹാരിയറ്റ് എലിസബത്ത് ബീച്ചർ സ്റ്റോവ് (1852) എഴുതിയതും ആഫ്രിക്കൻ അടിമകളുടെ ജീവിതദുരിതങ്ങൾ അവതരിപ്പിക്കുന്നതുമായ നോവൽ.
3. പ്രത്യക്ഷത്തിൽ കാണില്ല, സൂക്ഷ്മതലത്തിൽ വളരെയധികം - വാക്കിലില്ല, പ്രവൃത്തിയിലുണ്ട്

## സഹായകസ്രോതസ്സുകൾ


1. രാമകൃഷ്ണൻ, ഇ.വി. 2018. 'മലയാളദളിത് നോവൽ പത്തൊൻപതാം നൂറ്റാണ്ടിൽ', മലയാളനോവലിന്റെ ദേശകാലങ്ങൾ. കോഴിക്കോട്. മാതൃഭൂമി.
2. പണിക്കർ, കെ.എൻ. 2014. 'പുതിയ സാംസ്കാരികാഭിരുചിയുടെ നിർമ്മിതി: പത്തൊൻപതാം നൂറ്റാണ്ടിലെ ഒരു മലയാളനോവലിന്റെ വായന' സാംസ്കാരികവിമർശവും മലയാളഭാവനയും, എഡി: ഷാജി ജേക്കബ്. തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
3. ദിലീപ് എം. മേനോൻ. 2014. 'ജാതിയും കൊളോണിയൽ ആധുനികതയും: സരസ്വതീവിജയം വീണ്ടും വായിക്കുമ്പോൾ' സാംസ്കാരികവിമർശവും മലയാളഭാവനയും, എഡി: ഷാജി ജേക്കബ്. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

4. ഷാജി ജേക്കബ്. 2008. 'ഘാതകവധം – ചരിത്രം, സംസ്കാരം', നോവലും സംസ്കാരവും. കോഴിക്കോട്: പാപ്പിറസ് ബുക്സ്.
5. സുധീഷ്, എസ്. 2016. 'ദളിതന്റെ രക്ഷാപ്രവർത്തനം: ഘാതകവധം മുതൽ അരുന്ധതിറോയി വരെ', ചരിത്രവും ഭാവനയും നോവലുകളിൽ. തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
6. ജോർജ്ജ് ഇരുമ്പയം. 1982. ആദ്യകാല മലയാളനോവൽ, കോട്ടയം: കറന്റ് ബുക്സ്.
7. ജോർജ്ജ് ഇരുമ്പയം. 2012. മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ, കോട്ടയം: കറന്റ് ബുക്സ്.
8. തോമസ്, തുമ്പമൺ. 2011 (1984). മലയാളനോവലിന്റെ വേരുകൾ. കോട്ടയം: എസ്.പി.സി.എസ്.
9. റിച്ചാർഡ് കോളിൻസ്, മിസ്സിസ്. 2018 (1877). ഘാതകവധം. തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.
10. കോശി, ആർച്ചുഡീക്കൻ. 2007 (1882). പുല്ലേലിക്കുഞ്ചു. കോട്ടയം: പാപ്പിറസ് ബുക്സ്.
11. തോമസ്, [illegible] 2019 'ഘാതകവധം: കേരളീയ ഇന്ദുലേഖാ കേന്ദ്രീകൃത ആഖ്യാനങ്ങളുടെ എതിർപക്ഷം', മലയാളനോവൽ: സമകാലികവായനയും വിചാരവും, ഭൂമിമലയാളം റിസർച്ച് ജേണൽ പു: 11, ല. 1, എഡി. ഡോ. സജു മാത്യു. ആലുവ: വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം.
12. താരകൻ, കെ.എം. 1990 (1978). മലയാളനോവൽ സാഹിത്യചരിത്രം. തൃശൂർ: കേരളസാഹിത്യഅക്കാദമി.
13. Thomas, John 2014. 'The life & times of The Slayer Slain: Writing a missionary Novel in the 19th century Travancore'. Indian History - Annual Journal of Archive India Institute, Vol. I, Jan 2014 (P 63-88).